**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1348 — 30.09.2011-ൽ മറുപടിയ്ക്ക്

## പച്ചക്കറികൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>ഡോ. എൻ ജയരാജ് :<br>ശ്രീ പി. സി. ജോർജ് :<br>"റോഷി അഗസ്റ്റിൻ : | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് പച്ചക്കറികൃഷി വ്യാപകമാക്കുവാൻ പുതിയ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ; | (എ) സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി കൃഷി വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളാണ് സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി വികസന പദ്ധതി.യും ഇതു കൂടാതെ സർക്കാറിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി വീടുകളിലെ പച്ചക്കറി കൃഷി വ്യാപിക്കുന്നതിനായി 25 ലക്ഷം പച്ചക്കറി വിത്തുകിററുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം പച്ചക്കറികൃഷി വ്യാപകമാക്കുവാൻ ' പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' എന്ന പദ്ധതി രാഷ്ട്രീയ കൃഷി |

വികാസയോജന (RKVY) ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിവരുന്നു.

| | |
|---|---|
| (ബി) നിലവിൽ പച്ചക്കറികൃഷി നടത്തുന്ന കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; | (ബി) നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 15,000/- രൂപ നിരക്കിലും ഇടവിള പച്ചക്കറി കൃഷിക്ക് 7500/- രൂപനിരക്കിലും ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിന് 5,000/- രൂപ നിരക്കിലും ധനസഹായം നൽകുന്നുണ്ട്.<br><br>ഇതിനു പുറമെ വെജിറ്റബിൾ ആന്റ്ഫ്രൂട്ട് പ്രോമോഷൻ കൗൺസിൽ സംസ്ഥാനത്ത് പച്ചക്കറി കൃഷി നടത്തുന്ന കർഷകർക്ക് നിലവിൽ വിത്തുമുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് സഹായം എത്തിക്കുന്നുണ്ട്. ഇപ്പോൾ 7510 സ്വാശ്രയസംഘങ്ങളിലായി 145528 കർഷകർ VFPCK യിൽ അംഗങ്ങളാണ്. കർഷകർക്ക് ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനായി ഒരു വിത്ത് സംസ്കരണശാലയും പച്ചക്കറിതൈകളുടെ ഉല്പാദനത്തിനായി ഒരു ഹൈടെക് നഴ്സറിയും ആലത്തൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി പ്രസിഷൻ ഫാമിങ് എന്ന നൂതന കൃഷിരീതി കർഷകരിലേയ്ക്ക് എത്തിയ്ക്കുന്നതിനായി മാതൃകാ തോട്ടങ്ങൾ കേരളത്തിലുടനീളം നടപ്പിലാക്കിവരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 262 |

സ്വാശ്രയ കർഷക വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ പദ്ധതികളിലൂടെ പഴം പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുകയും ചെയ്ത് വരുന്നു. 11 വാണിജ്യബാങ്കുകളിലൂടെ കർഷകർക്ക് കൃഷിക്കായി വായ്പ നല്കുകയും കൃഷിക്കും കർഷകർക്കും ഇൻഷ്വറൻസ്, പരിരക്ഷ നല്കുകയും ചെയ്യാറുണ്ട്. നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രചരിപ്പിക്കുന്നതിനായി ഹരിതനഗരി എന്ന പദ്ധതിയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. VFPCK, കർഷകരുടെ ഉന്നമനത്തിനായി ഗവൺമെന്റ് ഗ്രാന്റ് കൂടാതെ RKVY, SHM, RSVY, NAIP, DMI, NABARD, വിവിധ ജില്ലാ പഞ്ചായത്തുകൾ എന്നീ ഏജൻസികളിൽ നിന്നുള്ള ധനസഹായവും വിനിയോഗിച്ചു വരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കർഷക കൂട്ടായ്മ രൂപീകരണം, അരലക്ഷം രൂപ ധനസഹായത്തോടു കൂടി രണ്ട് യൂണിറ്റ് സ്വകാര്യമേഖലയിലും ഒന്നര ലക്ഷം രൂപ ധനസഹായത്തോടു കൂടി മൂന്ന് യൂണിറ്റ് പൊതുമേഖലയിലും ഗുണ മേന്മയുള്ള പച്ചക്കറി വിത്തുത്പാദനം, 9 ലക്ഷം രൂപ ധനസഹായത്തോടുകൂടി 6 ലക്ഷം നടീൽ വസ്തുക്കളുടെ ഉത്പാദനം, 9 ലക്ഷം രൂപ ധനസഹായത്തോടുകൂടി 30 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ഒന്നര ലക്ഷം രൂപ ധനസഹായത്തോടു കൂടി 30

സ്കൂളുകളിൽ പച്ചക്കറിത്തോട്ടം, 375 ലക്ഷം രൂപ ധനസഹായത്തോടുകൂടി 15000 കുടുംബങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറിത്തോട്ടം, 4.5 ലക്ഷം രൂപ ധനസഹായത്തോടു കൂടി 2000 വീടുകളിൽ അടുക്കളത്തോട്ടം, 90 ലക്ഷം രൂപ ധനസഹായത്തോടെ 400 ഹെക്ടർ തുറസ്സായ സ്ഥലങ്ങളിലെ പച്ചക്കറി കൃഷി, 20 ഹെക്ടർ സ്ഥലത്ത് 4.5 ലക്ഷം ധനസഹായത്തോടെ സങ്കരയിനം പച്ചക്കറികൃഷി, 55.195 ലക്ഷം രൂപ ധനസഹായത്തോടുകൂടി സംരക്ഷിത കൃഷി, 6 ലക്ഷം രൂപ ധനസഹായത്തോടു കൂടി 600 ഹെക്ടർ സ്ഥലത്ത് സംയോജിത കീട-രോഗ നിയന്ത്രണം, 2.1825 ലക്ഷം രൂപ ധനസഹായത്തോടു കൂടി കൂൺകൃഷി, 38.90 ലക്ഷം രൂപ ധനസഹായത്തോടു കൂടി മാതൃകാ പ്രദർശനതോട്ടങ്ങൾ, 6 ലക്ഷം രൂപ ധനസഹായത്തോടു കൂടി ഒരു മൊബൈൽ അഗ്രോക്ലിനിക്ക്, 5 ലക്ഷം രൂപ ധനസഹായത്തോടു കൂടി 5 സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്ര ങ്ങൾ തുടങ്ങിയ പച്ചക്കറി കൃഷി നടത്തുന്ന കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ.

| | |
|---|---|
| (സി) കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച് കേടുകൂടാതെ | (സി) കർഷകരുടെ ഉൽപ്പന്നങ്ങൾ കേട് കൂടാതെ സംഭരിച്ച് |

| | |
|---|---|
| സുക്ഷിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണുള്ളതെന്നറിയിക്കുമോ ? | സുക്ഷിക്കുവാൻ കൃഷി വകുപ്പിന്റെ ആനയറയിൽ പ്രവർ ത്തിക്കുന്ന മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ ശീതികരണ യുണിറ്റ് സ്ഥാപി ച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം ഈ വർഷം സുൽത്താൻ ബത്തേരിയിലും, മുവാറ്റു പുഴ യിലും പ്രവർത്തിക്കുന്ന വിപണന കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതാണ്. |

Sherly P

സെക്ഷൻ ഓഫീസർ